# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 347 30.11.2015-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യ്ക്ക് ഇപ്പോൾ പ്രവർത്തനക്ഷമമായതും, സർവ്വീസ് നടത്തുന്നതുമായ എത്ര ബസ്സുകൾ ഉണ്ടെന്നും ആകെ ജീവനക്കാർ എത്രയെന്നും വ്യക്ത മാക്കുമോ; | (എ) | 23.11.2015-ലെ കണക്കുപ്രകാരം കെ.എസ്. ആർ.ടി.സി.ക്ക് 5,566 ബസ്സുകൾ ഉള്ളതിൽ 4,838 ബസ്സുകൾ പ്രവർത്തനക്ഷമമാണ്.<br>36843 സ്ഥിരം ജീവനക്കാരും, 11361 താൽക്കാലിക ജീവനക്കാരും ഉണ്ട്. |
| (ബി) | 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ മൊത്ത വരുമാനം എത്ര കോടി രൂപയാ യിരുന്നു; 2014-15 വർഷത്തെ മൊത്ത വരുമാനം എത്ര കോടി യാണ് ; 2015-16 വർഷത്തെ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം എത്ര കോടി യാണ്; | (ബി) | 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്. ആർ.ടി.സി.യുടെ മൊത്തം വരുമാനം 1294.09 കോടി രൂപയായിരുന്നു.<br>2014-15-ലെ താൽക്കാലിക കണക്കനുസരിച്ച് മൊത്ത വരുമാനം 2029.05 കോടി രൂപയാണ്.<br>2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം KSRTC പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം 2612.02 കോടി രൂപയാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. 2010-11 -ന് ശേഷം നാളിത് വരെ എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിക്കുകയു ണ്ടായി; ഓരോ തവണയും വർദ്ധി പ്പിച്ചത് എത്ര ശതമാനം വീതമായി രുന്നു; | (സി) | 3 തവണ.<br>1. 08.08.2011 - മിനിമം നിരക്ക് - 8.12%<br>2. 11.11.2012 - മിനിമം നിരക്ക് - 18.24%<br>3. 20.05.2014 - മിനിമം നിരക്ക് - 15.60% |
| (ഡി) | 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം മൊത്തം എത്ര കോടി രൂപയായി | (ഡി) | 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 381.62 കോടി രൂപയായിരുന്നു. |

രുന്നു. 2014-15 വർഷത്തിൽ ഇത് എത്ര കോടിയായി വർദ്ധിച്ചു; കെ.എസ്.ആർ.ടി.സി. യുടെ ഇപ്പോഴത്തെ കട ബാധ്യതകൾ മൊത്തം എത്ര കോടി രൂപയാണ്?

2014-15-ലെ കണക്കനുസരിച്ച് (പ്രൊവിഷണൽ) 621.28 കോടി രൂപയായി വർദ്ധിച്ചു.

കെ.എസ്.ആർ.ടി.സി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (31.10.2015-ലെ കണക്ക് പ്രകാരം)

| സ്ഥാപനം | തുക (കോടിയിൽ) |
|---|---|
| HUDCO | 182.19 |
| KTDFC | 1205.46(L.T Loan) |
| | 225.12(S.T Loan) |
| LIC | 65.00 |
| KST.133 | 7.90 |
| DCB PLKD | 166.90 |
| DCB EKM | 86.59 |
| KSPIFC | 14.60 |
| **Total** | **1953.76** |

31.10.2015-ലെ കണക്ക്പ്രകാരം 1471.56 കോടി രൂപ സർക്കാരിന് KSRTC വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി തുകയിൽ 2013-14 വരെ KSRTC-യ്ക്ക് അനുവദിച്ച് നൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ KSRTC-യിലുള്ള ഓഹരിയാക്കി മാറ്റാമെന്ന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാധ്യത 380.81 കോടി രൂപയാണ്.

സെക്ഷൻ ഓഫീസർ